"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ജി.ജി.ഹോസ്പിറ്റൽ - പൂന്തി - അണമുഖം - ബൈപ്പാസ് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ.456/2009 നമ്പർ കേസിന്മേലുള്ള ബാലൻസ് തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.2237/2025/LSGD** | **തീയതി, തിരുവനന്തപുരം, 18-09-2025**

---

പരാമർശം:-

1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 07/03/2024 തീയതിയിലെ എ3/1487/2009/ട്രിഡ നമ്പർ കത്ത്.
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 19/05/2025 തീയതിയിലെ കെ10/55607/12 നമ്പർ കത്ത്.
3. സ.ഉ.(സാധാ) നം. 1607/2025/തസ്വഭവ, തീയതി, 27/06/2025.
3. സ.ഉ.(സാധാ) നം. 6531/2025/ധന, തീയതി, 08/08/2025.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി.ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം - എൻ.എച്ച്.ബൈപ്പാസ് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ പട്ടം വില്ലേജിൽ സർവ്വേ നം. 381 (എൽ.എ.റീസർവ്വേ നം. 218)-ൽ ഉൾപ്പെട്ട 0.20 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ.456/2009 നമ്പർ കേസിൽ അടിയന്തര സാഹചര്യം പരിഗണിച്ച് റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ച തുകയായ 7,19,587/- രൂപ (ഏഴ് ലക്ഷത്തി പത്തൊമ്പതിനായിരത്തി അഞ്ഞൂറ്റി എൺപത്തിയേഴ് രൂപ മാത്രം)-യും ടി കേസിലെ ബാലൻസ് വിധിക്കടത്തുകയായ 13,757/- രൂപ (പതിമൂന്നായിരത്തി എഴുന്നൂറ്റി അമ്പത്തിയേഴ് രൂപ മാത്രം)-യും ഉൾപ്പടെ ആകെ 7,33,344/- രൂപ (ഏഴ് ലക്ഷത്തി മുപ്പത്തിമൂവായിരത്തി മുന്നൂറ്റി നാല്പത്തിനാല് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (1), (2) എന്നിവ പ്രകാരം യഥാക്രമം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

2 ) മേൽ പരാമർശിച്ച എൽ.എ.ആർ. 456/2009 നമ്പർ കേസിൽ അടിയന്തര സാഹചര്യം പരിഗണിച്ച് റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ച തുകയായ 7,19,587/- രൂപയും ടി കേസിലെ ബാലൻസ് വിധിക്കടത്തുകയായ 13,757/- രൂപയും ഉൾപ്പടെ ആകെ 7,33,344/- രൂപ (ഏഴ് ലക്ഷത്തി മുപ്പത്തിമൂവായിരത്തി മുന്നൂറ്റി നാല്പത്തിനാല് രൂപ മാത്രം) അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു. പരാമർശം (4) പ്രകാരം ടി കേസിലെ ബാലൻസ് വിധിക്കടത്തുകയായ 13,757/- രൂപ മാത്രം അനുവദിക്കുന്നതിനായി '4217-

60-800-93-Payment of Compensation in LAR Cases (Plan Charged)' എന്ന ശീർഷകത്തിൽ 14,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയുണ്ടായി.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും അടിസ്ഥാനത്തിൽ ജി.ജി.ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം - എൻ.എച്ച്.ബൈപ്പാസ് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ പട്ടം വില്ലേജിൽ സർവ്വേ നം. 381 (എൽ.എ. റീസർവ്വേ നം.218)-ൽ ഉൾപ്പെട്ട 0.20 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ.456/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 13,757/- രൂപ (പതിമൂന്നായിരത്തി എഴുന്നൂറ്റി അമ്പത്തിയേഴ് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീമതി സുനന്ദയ്ക്ക് അനുവദിക്കുന്നതിനായി '4217-60-800-93 Payment of compensation in LAR Cases (Plan - Charged) എന്ന ശീർഷകത്തിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി പരാമർശം (4) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHA A K
**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സെക്രട്ടറി,തിരുവനന്തപുരം വികസന അതോറിറ്റി.
ശ്രീമതി സുനന്ദ, D/o മാധവൻ നായർ, റ്റി.സി.1/1983, 'ശ്രീ തിലകം' കുമാരപുരം, തിരുവനന്തപുരം (ജില്ലാ കളക്ടർ മുഖാന്തിരം).
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (No.WCD-3/196/025-Fin dated 24/08/2025).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ.1/129/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 18-09-2025 16:01:11
സെക്ഷൻ ഓഫീസർ